LIBRARY ARCHIVES Kerala Legislative Assembly

വീട്ടുകാരും വല്ലാത്ത ഭയാശങ്കയിലാണ്. നാട്ടുകാർ ആക്ഷൻ കൗൺസിലുണ്ടാക്കി സമരപരിപാടികൾക്ക് നേതൃത്വം കൊടുത്തുവരികയാണ്. ലോക്കൽ പോലീസ് അന്വേഷിച്ചിട്ടും ഇതുവരെയും ഒരു തുമ്പും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഗവൺമെന്റ് ഇത് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുകയും കുറ്റവാളികളെ പിടികൂടി മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഈ പ്രശ്നം വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് കാണുകയും പോസ്റ്റുമോർട്ടത്തിനുശേഷം വിരലടയാള വിദഗ്ദ്ധർ, സയന്റിഫിക്ക് അസിസ്റ്റന്റ് തുടങ്ങിയവർ പോയി പരിശോധിക്കുകയും പോലീസ് നായയെ കൊണ്ടുപോയി പരിശോധിപ്പിക്കുകയും ചെയ്തു. അങ്ങനെ ഗവൺമെന്റിന് ചെയ്യാവുന്നതൊക്കെ ചെയ്തു. പക്ഷേ ഇതുവരെ ഒരു തുമ്പും കിട്ടിയിട്ടില്ല. ഇത് വളരെ കാര്യമായിത്തന്നെ ഗവൺമെന്റ് അന്വേഷിക്കുന്നുണ്ട്. അന്വേഷണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകാം.

(17) തൃപ്രയാർ ആസ്ഥാനമാക്കി നാട്ടിക താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തൃശ്ശൂർ ജില്ലയിലെ ചാവക്കാട്-തൃശ്ശൂർ താലൂക്കുകൾ വിഭജിച്ച് തൃപ്രയാർ ആസ്ഥാനമാക്കി നാട്ടിക താലൂക്ക് രൂപീകരിക്കണമെന്നതാണ് എന്റെ ആവശ്യം. അതിൽ ഏങ്ങണ്ടിയൂർ, വാടാനപ്പിള്ളി, തളിക്കുളം, നാട്ടിക, വലപ്പാട്, എടത്തിരുത്തി, കൈപ്പമംഗലം എന്നീ പഞ്ചായത്തുകളും ചേർപ്പ് നിയോജകമണ്ഡലത്തിലെ താന്ന്യം, ചാവക്കാട് പഞ്ചായത്തുകളും മണലൂർ നിയോജകമണ്ഡലത്തിലെ മണലൂർ, അന്തിക്കാട് പഞ്ചായത്തുകളും ചേർത്തുകൊണ്ട് പുതിയ താലൂക്ക് രൂപീകരിക്കണം. തൃശ്ശൂർ ജില്ലയിൽ ഏറ്റവും വികസനം നടന്നുകൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട പ്രദേശമാണ്. നാട്ടികയുടെ കാര്യത്തിൽ ബഹുമാന്യനായ റവന്യു വകുപ്പുമന്ത്രിയുടെ അനുകൂലമായ മറുപടി പ്രതീക്ഷിക്കുകയാണ്.

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, നാട്ടികയുടെ പ്രാധാന്യത്തിൽ ഗവൺമെന്റിന് തികഞ്ഞ ബോദ്ധ്യമുണ്ട്. എന്തായാലും ഇത് സ്പെഷ്യൽ കമ്മീഷണർ ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന് റഫർ ചെയ്യാം.

(18) കോട്ടുകുന്നം മലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ക്രഷർ ഫാക്ടറി

ശ്രീ. പിരപ്പൻകോട് മുരളി: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് പഞ്ചായത്തിൽ കോട്ടുകുന്നം മലയിൽ മെറ്റൽ ക്രഷർ ഫാക്ടറി തുടങ്ങാൻ അനുവദിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. ഭൂനിരപ്പിൽനിന്ന് 1000 അടി ഉയരവും 500 ഏക്കർ വിസ്തൃതിയുമുള്ള ഇടതൂർന്ന ആയിരക്കണക്കിന് ചെറുപാറകൾ

ഒന്നായി രൂപപ്പെട്ട സവിശേഷമായ ഒറ്റപ്പാറയാണ് ഈ മല. ഇതിൽ നിന്ന് വാമനപുരം നദിയിലേക്കുള്ള വെള്ളം വറ്റാത്ത രണ്ടു തോടുകളും ഇരുപതിലേറെ നീരുറവകളും നിലവിലുണ്ട്. വാമനപുരം-നെല്ലനാട് പഞ്ചായത്തുകൾ ഉൾപ്പെടുന്ന കുട്ടച്ചാൽ വാട്ടർഷെഡ്ഡിന്റെ ഉത്ഭവവും ഇവിടെ നിന്നാണ്. വാമനപുരം-നെല്ലനാട് പഞ്ചായത്തിൽ ഇപ്പോഴും നെൽക്കൃഷി നടത്തുന്ന വിസ്തൃതമായ നെൽപ്പാടങ്ങൾ ഈ മലയ്ക്ക് താഴെയാണ്. 150 കുടുംബങ്ങൾ മലയോരത്തും 40 കുടുംബങ്ങൾ താഴ്വാരത്തും താമസമുണ്ട്. മൂന്ന് ഹരിജൻ കോളനികളും മലയടിവാരത്തുണ്ട്. പൂമടത്തുമൂട് ഗവൺമെന്റ് എൽ.പി.എസ്., ശാലിനി ഭവൻ യു.പി.എസ്., വാമനപുരം പി.എച്ച്.സി., അംഗൻവാടി എന്നിവ ഈ മലയുടെ 500 മീറ്ററിനകത്താണ്. അതുകൊണ്ട് ഈ മലയുടെ ഏറ്റവും മുകൾ ഭാഗത്ത് 15.8 ഏക്കർ വിലയ്ക്കുവാങ്ങി തെക്കൻ കേരളത്തിലെ ഏറ്റവും വലിയ ഒരു ക്രഷർ ഉടമയായ ആരാമം ക്രഷർ ഉടമ 500 കുതിരശക്തിയുള്ള ക്രഷർ ഫാക്ടറിക്ക് ലൈസൻസ് നേടിയതായാണ് മനസ്സിലാക്കുന്നത്. ദയവായി പാരിസ്ഥിതിക പ്രശ്നങ്ങൾകൂടി കണക്കിലെടുത്ത് അതിന്റെ ലൈസൻസ് ക്യാൻസൽ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): സർ, പ്രസ്തുത വിഷയം സംബന്ധിച്ച് പാരിസ്ഥിതിക പ്രശ്നം ഉണ്ടാകുന്നതായ ചില പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഫാക്ടറിയുടെ നേരത്തെ ഉണ്ടായിരുന്ന പ്രൊഡക്ഷൻ കപ്പാസിറ്റി കുറച്ചതുകൊണ്ട് കൂടുതൽ പൊടി ഉണ്ടാകുകയില്ലെന്നുള്ള പ്രൊപ്പോസലാണ് വച്ചിട്ടുള്ളത്. ഏതായാലും ഇതിന്റെ ഗൗരവാവസ്ഥകൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ ഇക്കാര്യത്തിൽ ക്ലിയറൻസ് നൽകുകയുള്ളൂ എന്ന് അറിയിക്കുകയാണ്.

(19) കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ ചെക്ക് ഡാമുകളുടെ സംരക്ഷണ നടപടികൾ

ശ്രീ. കെ. എ. ചന്ദ്രൻ: ഈ വർഷത്തെ കനത്ത മഴയും വെള്ളപ്പൊക്കവുംമൂലം കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ ചെക്ക്ഡാമുകൾ പലതും തകരുകയും ചിലഭാഗങ്ങളിൽ ഗതി മാറി ഒഴുകുകയും ചെയ്തിരിക്കുന്നു. ഇക്കാര്യത്തിൽ അടിയന്തിര നടപടി വേണം. 21 ചെക്ക് ഡാമുകളാണ് കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽ പണി തീർന്നിട്ടുള്ളത്. മലയമ്പള്ളം ചെക്ക് ഡാം, പോർട്ട് റെയിൽവെസ്റ്റേഷൻ വാട്ടർ ടാങ്കിന്റെ സമീപത്തുള്ള മണ്ണാർക്കാട് കാരപ്പറമ്പ് ചെക്ക്ഡാം, കോട്ടക്കുറിശ്ശി ചെക്ക്ഡാം, ചൂരൽക്കടവ് ചെക്ക്ഡാം, കോമങ്കുണ്ട് ചെക്ക്ഡാം എന്നിവ പാടെ തകർന്നിട്ടുണ്ട്. പാർശ്വഭിത്തി പോയിട്ടുണ്ട്. അവ അടിയന്തിരമായി റിപ്പയർ ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*): ഇക്കാര്യങ്ങളെല്ലാം നേരിട്ട് വ്യക്തിപരമായി സംസാരിച്ചിട്ടുള്ളതാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഈ ചെക്ക് ഡാമുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly